പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 250 **12-10-2026-ൽ മറുപടിയ്ക്ക്**

മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന ഭക്ഷ്യവസ്തുക്കളുടെ പരിശോധന

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. സനീഷ്കുമാർ ജോസഫ്	ശ്രീ. കെ. മുരളീധരൻ
ശ്രീ. കെ. ജയന്ത്	(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)
ശ്രീമതി ഉഷ വിജയൻ	
ശ്രീ. ടി .ഒ. മോഹനൻ	

(എ) മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന ഭക്ഷ്യവസ്തുക്കളുടെ പരിശോധന ചെക്ക് പോസ്റ്റുകളിൽ നടത്താറുണ്ടോ; ഇതിനായി പ്രത്യേകം ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെ വിന്യസിക്കാറുണ്ടോ; വിശദമാക്കുമോ;

മറുപടി:

ഇതര സംസ്ഥാനങ്ങളിൽ നിന്നും അതിർത്തി ചെക്ക് പോസ്റ്റ് വഴി സംസ്ഥാനത്തെത്തുന്ന പാൽ, മത്സ്യം, പഴം, പച്ചക്കറി, മാംസം എന്നിവ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി ചെക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് അതാത് ജില്ലയിലെ ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ പരിശോധനകൾ നടത്തിവരുന്നു.

ഇത്തരം പരിശോധനകൾ നടത്തുവാനുള്ള സ്ഥിരം സംവിധാനം പ്രായോഗികമല്ലാത്തതിനാൽ ഉത്സവകാലങ്ങളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് വിപുലമായ പരിശോധനകൾ നടത്തിവരുന്നു.

ഈ പരിശോധനകളിൽ പാലിന്റെ സാമ്പിൾ ശേഖരിച്ച് മൊബൈൽ Food Testing ലാബോറട്ടറിയിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പ്രാഥമിക പരിശോധനകൾ നടത്തുന്നു. മറ്റു ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകളും ശേഖരിക്കുന്നു.

ഏപ്രിൽ 2026 മുതൽ നാളിതുവരെ 765 ചെക്ക് പോസ്റ്റ് പരിശോധനകൾ നടത്തി 910 Milk സാമ്പിളുകൾ, 66 Fruits & Vegetables സാമ്പിളുകൾ, 79 Other Products സാമ്പിളുകൾ എന്നിവ സർവയിലൻസ് സാമ്പിളുകളായി ശേഖരിച്ച് പരിശോധനയ്ക്കായി ലാബുകളിലേക്ക് അയച്ചു നല്കിയിട്ടുണ്ട്.

(ബി) പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനിയുടെ സാന്നിധ്യം പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി:

പഴം, പച്ചക്കറി എന്നിവയിൽ കീടനാശിനികളുടെ സാന്നിധ്യം പരിശോധിക്കുന്നതിനായി സാമ്പിളുകൾ ശേഖരിച്ച് FSSAI notified NABL accredited ലാബുകളിൽ പരിശോധന നടത്തുന്നു. Food Safety & Standards (Contaminants, Toxins and Residues) Regulation 2011 ൽ പരാമർശിക്കുന്ന Tolerance limit നുള്ളിൽ Pesticide residue വരുന്നു എന്ന് ലാബോറട്ടറി പരിശോധനയിൽ ഉറപ്പുവരുത്തുന്നു. വകുപ്പിന് കീഴിലുള്ള ലാബോറട്ടറിയിൽ Pesticide പരിശോധിക്കുന്നതിനായി GC MS / MS, LC MS/MS എന്നീ High End Equipments ലഭ്യമാണ്.

പഴം, പച്ചക്കറി എന്നിവയിലെ pesticide residue നിരീക്ഷിച്ച് database തയ്യാറാക്കുന്നതിനായി 2023 മുതൽ കൃഷി വകുപ്പുമായി ചേർന്ന് എല്ലാ മാസവും 65 സർവയിലൻസ് സാമ്പിൾ ഭക്ഷ്യ സുരക്ഷ ഓഫീസർമാർ ശേഖരിച്ച് PRRAL – Pesticide Residue Research of Analytical Laboratory (college of Agriculture Vellayani) യ്ക്ക് പരിശോധനയ്ക്കായി നൽകിവരുന്നു.

അതുപോലെ തന്നെ FSSAI യുടെ National Annual Surveillance plan പ്രകാരം സാമ്പിൾ ശേഖരിക്കുകയും ലാബിൽ പരിശോധനയ്ക്ക് അയക്കുകയും ചെയ്യുന്നു. ഇതര സംസ്ഥാനത്തുനിന്ന് വരുന്ന ഇത്തരത്തിൽ ശേഖരിക്കുന്ന സാമ്പിളുകളിൽ Pesticide residue above limit ആണെങ്കിൽ നിയമനടപടി സ്വീകരിക്കുന്നതിനോടൊപ്പം ആ വിവരം ബന്ധപ്പെട്ട സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണറെ തുടർ നടപടിക്കായി അറിയിക്കുകയും ചെയ്യുന്നു

(സി) നിയമലംഘനങ്ങൾ കണ്ടെത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

മറുപടി:

പരിശോധനയ്ക്കായി ശേഖരിക്കുന്ന സാമ്പളുകളിൽ കീടനാശിനിയുടെ സാന്നിധ്യം (above prescribed limit) ആണെങ്കിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരം നിയമം 2006 സെക്ഷൻ 59 പ്രകാരം അത്തരം വ്യാപാരികൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നു.

സെക്ഷൻ ഓഫീസർ